(സി) അർഹമായ പ്രമോഷൻ തടഞ്ഞു വയ്ക്കപ്പെട്ടതുമൂലം ആ കാലത്ത് റിട്ടയർ ചെയ്യുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പെൻഷൻ ആനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ ?

മുഖ്യമന്ത്രി (ശ്രീ: കെ. കരുണാകരൻ) :

(എ) താൽക്കാലികമായി നിറുത്തിവച്ചിട്ടുണ്ട്.

(ബി) പ്രസിദ്ധീകരിച്ചിരുന്ന പ്രാഥമിക സീനിയോറിട്ടി ലിസ്റ്റിൻ മേൽ ഉള്ള ആക്ഷേപങ്ങളിൽ തീർപ്പു കൽപ്പിച്ചതിനുശേഷം അവസാന ലിസ്റ്റ് തയ്യാറാക്കിയിട്ട്, അതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രമോഷൻ നടത്താൻ വേണ്ടിയാണ് പ്രാഥമിക ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നടത്തിവന്നിരുന്ന പ്രമോഷനുകൾ താൽക്കാലികമായി നിറുത്തി വച്ചിട്ടുള്ളത്.

(സി) അവസാന സീനിയോറിട്ടി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചതിനുശേഷം 1-4-1964 മുതലുള്ള പ്രമോഷനുകൾ പുന:പരിശോധന ചെയ്യുന്ന സമയത്ത് ഈ ആവശ്യം പരിഗണിക്കാവുന്നതാണ്.

സാമൂഹ്യ വനവൽക്കരണ പരിപാടിക്കുവേണ്ടി പ്രത്യേക സംവിധാനം

* 114. [119] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) :
,, എ. കെ. പത്മനാഭൻ :
,, സി. ടി. കൃഷ്ണൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

സാമൂഹ്യ വനവൽക്കരണ പരിപാടിയുടെ നടത്തിപ്പിനായി വനം വകുപ്പിൽ പ്രത്യേക സംവിധാനം വല്ലതുമുണ്ടോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. നൂറുദ്ദീൻ) :

സാമൂഹ്യ വനവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ കീഴിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം പ്രത്യേകമായി ഒരു മുഖ്യ വന പാലകന്റെ ചുമതലയിൽ പ്രവർത്തിക്കുന്നുണ്ട്.

ഭരണപരിഷ്ക്കാര നടപടികൾ

* 115. [120] ശ്രീ. ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 6-3-1985-ലെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ 4-ാം ഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിരുന്ന തരത്തിലുള്ള ഭരണപരിഷ്ക്കാര നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) എന്തെല്ലാം പരിഷ്ക്കാരങ്ങൾ ഏങ്ങനെയൊക്കെ നടപ്പാക്കാൻ കഴിയുമെന്ന് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച ചെയ്യുന്നതിന് തയ്യാറായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അപ്രകാരം ചെയ്യുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) തീരുമാനങ്ങൾക്ക് കാലതാമസമുണ്ടാക്കുന്നതിനും പൊതുജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്നതിനും മാത്രം ഉതകുന്ന കാലഹരണപ്പെട്ടതും

LIBRARY ARCHIVES Kerala Legislative Assembly